**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**27-06-2012-ൽ മറുപടിയ്ക്ക്**

**നക്ഷത്ര ചിഹ്നമിട്ട**
**നിയമസഭാ ചോദ്യം നമ്പർ.*390.**

**പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അൻവർ സാദത്ത്:<br>ശ്രീ.എ.റ്റി.ജോർജ്ജ്.:<br>ശ്രീ.വി.പി.സജീന്ദ്രൻ:<br>ശ്രീ.ബെന്നി ബെഹനാൻ: | ശ്രീ.ഷിബുബേബി ജോൺ<br>(ബഹു.തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ; | (എ) പൂട്ടിക്കിടക്കുന്ന പീരുമേട്, ലോൺ-ട്രീ എന്നീ തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് തോട്ടം ഉടമകളുമായി സർക്കാർ ചർച്ചകൾ നടത്തിവരികയാണ്. ഇതിനോടകം തന്നെ ഈ വർഷം രണ്ട് മീറ്റിംഗുകൾ നടന്നിട്ടുണ്ട്. |
| (ബി)ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിച്ചിട്ടുണ്ട്; | (ബി) കൊല്ലം ജില്ലയിലെ പ്രിയ എസ്റ്റേറ്റ് തുറന്നു പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (സി) അടഞ്ഞുകിടക്കുന്ന മറ്റു തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (സി) പീരുമേട് ടീ കമ്പനി വക പീരുമേട്, ലോൺ-ട്രീ എസ്റ്റേറ്റുകൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് തൊഴിൽ വകുപ്പ് മുഖേന ചർച്ചകൾ നടത്തിവരികയാണ്. എന്നാൽ 'ടീ ആക്ട്' പ്രകാരം കേന്ദ്ര ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുള്ള '16 ഇ' നോട്ടിഫിക്കേഷൻ പിൻവലിച്ചെങ്കിൽ മാത്രമേ ബാങ്കുകളിൽ നിന്നും ആവശ്യമായ വായ്പ ലഭിക്കുന്നതിന് സാധിക്കുകയുള്ളൂ എന്ന് മാനേജ്മെന്റ് അറിയിക്കുകയുണ്ടായി. അതിനായി കേന്ദ്ര സർക്കാരിലേക്ക് ശുപാർശ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ